For Private Circulation Only

February 2020

ആഗമനാരുണൻ

Vol.67 | “ മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ ”. (മത്താ. 3:8) | No.2

മാനസാന്തര ഹൃദയത്തിനായുള്ള ഒരു വിളി

By Nancy De Moss Wolgemuth

ഈ ദൂത് 1996-ൽ മിസൗറിയിലുള്ള സെന്റ് ലൂയിസിൽ നടന്ന ഒരു ഉപവാസ പ്രാർത്ഥനയിൽ ഉണ്ടായതാണ്, ഇന്നത്തേയ്ക്കും അതു പ്രയോജനമുള്ളതാണ്. നമ്മുടെ ഹൃദയങ്ങളിൽ ഉണർവ്വിന് കാരണമാകട്ടെ.

നമ്മുടെ രാജ്യത്തിനു വേണ്ടി പ്രാർത്ഥിപ്പാൻ നാം ഒരുമിച്ച് കൂടിവന്നു. മാനുഷികമായ ഇടപെടലുകൾക്ക് പരിഹരിപ്പാൻ കഴിയാത്തവിധം ദുഷ്ടതയും അതിന്റെ പരിണത ഫലങ്ങളും ദേശത്ത് വർദ്ധിച്ചിരിക്കുന്നു എന്ന് നാം സമ്മതിക്കുന്നു. ദേശത്തിലെ അന്ധകാരശക്തിയെയും നഷ്ടപ്പെട്ട അവസ്ഥയെയും തരണം ചെയ്യുവാൻ ദൈവത്തിന്റെ ചെറിയ ഒരു ഇടപെടൽ കൊണ്ട് സാദ്ധ്യമല്ല.

ഞാൻ വിശ്വസിക്കുന്നു, നമ്മെത്തന്നെ ഉണർത്തി പ്രബോധിപ്പിക്കുന്നത്, ഇന്നത്തെ പല പ്രാർത്ഥനകളും ദൈവം കേൾക്കുകയില്ല, ഇന്നത്തെ മോടിയുള്ള പല കൂട്ടങ്ങളെയും ദൈവം ശ്രദ്ധിക്കുന്നില്ല, പല ഉപവാസ പ്രാർത്ഥനകളിലും ദൈവം പ്രസാദിക്കുന്നില്ല.

യിസ്രായേൽ ജനം മലിനമായ കൈകളോടും ഹൃദയങ്ങളോടും കൂടെ ഉപവസിപ്പാൻ അടുത്തു ചെല്ലുമ്പോൾ ദൈവം പറയുന്നത്, “ആകയാൽ ഞാനും ക്രോധത്തോടെ പ്രവർത്തിക്കും. എന്റെ കണ്ണ് ആദരിക്കയില്ല; ഞാൻ കരുണകാണിക്കയുമില്ല. അവർ അത്യുച്ചത്തിൽഎന്നോടു നിലവിളിച്ചാലും ഞാൻ അപേക്ഷകേൾക്കുകയില്ല. എന്ന് അരുളിചെയ്തു. (യെഹെസ്. 8:18). നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണുമറച്ചുകളയും. നിങ്ങൾ എത്രതന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല ” (യെഹെ.8:18) നിങ്ങളുടെ കൈ രക്തം കൊണ്ട് നിറഞ്ഞിരിക്കുന്നു (യെശ1:15).

താഴ്മയോടും അനുതാപത്തോടും അടുത്തു ചെല്ലുന്നില്ലെങ്കിൽ നമ്മുടെ ഉപവാസങ്ങളും പ്രാർത്ഥനകളും ദൈവത്തെ കളിയാക്കുകയാണ് എന്നാണ് വേദപുസ്തകം പഠിപ്പിക്കുന്നത്.

മാനസാന്തരത്തിന്റെ ആവശ്യം നാം സമ്മതിക്കണം. മാനാസന്തരം ഒരു അത്യാവശ്യഘടകമാണ് എന്ന് വിശ്വസിക്കുന്നുണ്ടോ? രാജ്യത്തിന്റെ പാപത്തെക്കുരിച്ച് നാം ബോധവാന്മാരാണോ? നമ്മുടെ പാപങ്ങളെ കാണാൻ കഴിയാതവണ്ണം നാം അന്ധന്മാരാണോ?

ലോകവ്യാപകമായ അപകടത്തെ നാം നേരിടുകയാണ്. ലോകം മുഴുവനും അരാജകത്വത്തിലായിരിക്കുന്നു. ദൈവത്തിന്റെ ജനം ഉണരേണ്ടിയിരിക്കുന്നു. ജാതികളല്ല, ദൈവജനമാണ് ആദ്യം ഉണരേണ്ടത്.

യെശയ്യാ പ്രവാചകൻ വിളിച്ച് പറയുന്നത്. “ആകാശമേ കേൾക്ക, ഭൂമിയെ ചെവിതരിക യഹോവ അരുളിചെയ്യുന്നു; ഞാൻ മക്കളെ പോറ്റി വളർത്തി അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ട് മാറിക്കളഞ്ഞിരിക്കുന്നു. ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്? നിങ്ങൾ അധികം അധികം പിന്മാറുകയേ ഉള്ളൂ; തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടി തൊട്ടു മുടിവരെ ഒരു സുഖവുമില്ല; മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളൂ; അവയെ ഞെക്കികഴുകീട്ടില്ല, എണ്ണപുരട്ടി ശമിപ്പിച്ചിട്ടുമില്ല ” (യെശ. 1:2;4-6).

പഴയനിയമത്തിലുടനീളം തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ വഴിവിട്ടുള്ള ജീവിതവും ദൈവത്തിന്റെ ദു:ഖവും കാണാം. വീണ്ടും വീണ്ടും മാനസാന്തരപ്പെടുവാൻ ദൈവം ജനത്തോട് യാചിക്കുന്നു. അവർ നിഷേധിക്കുമ്പോൾ സ്വർഗ്ഗത്തിൽ നിന്നും അവരുടെ മർക്കട മുഷ്ടിയെ ശാസിക്കുന്നു, പാപം ചെയ്യുന്ന ഹൃദയത്തിന് വേദനയുള്ള അച്ചടക്കം.

പുതിയ നിയമത്തിൽ, ആത്മീയ ആത്മീയ നേതാക്കന്മാരോടയി യേശു സംസാരിക്കുന്നത്, “ ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ട് അകന്നിരിക്കുന്നു; മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു കൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു ” (മത്താ.15:8).

യേശുവിന്റെ ശുശ്രൂഷയിലെ പൊതുവായ വാക്കുകൾ ഉപവസിക്കണം പ്രാർത്ഥിക്കണം എന്നാണ്. എന്നാൽ മാനാസന്തരപ്പെടണം (മത്താ. 4:17)

ഉയിർത്തെഴുന്നേറ്റു പോയ കർത്താവായ യേശു ക്രിസ്തു സ്വർഗ്ഗത്തിലെ സിംഹാസനത്തിൽ ഇരുന്നു നോക്കുമ്പോൾ തന്റെ ഒടുവിലത്തെ ദൂത് പോയി സുവിശേഷം പ്രസംഗിക്ക എന്നായിരുന്നില്ല, പിന്നെയോ, മാനസാന്തരപ്പെടം എന്നായിരുന്നു. മാനന്തരപ്പെടാത്ത സഭയ്ക്ക് ലക്ഷ്യത്തിലെത്താൻ സാദ്ധ്യമല്ല, മാത്രമല്ല, കർത്താവിന്റെ മഹത്തായ നിയോഗത്തെ പൂർത്തിയാക്കുവാനും സാദ്ധ്യമല്ല.

ഏഴു സഭകളിൽ ആദ്യത്തേതിനോട് കർത്താവ് പറഞ്ഞു നീ പാപം ചെയ്തിരിക്കുന്നു, നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞിരിക്കുന്നു, മാനസാന്തരപ്പെടുക. അടുത്തതിനോട് കർത്താവു പറഞ്ഞത്, ജീവിച്ചിരിക്കുന്നു എന്ന് നിനക്കു പേരുണ്ടെങ്കിലും മരിച്ചവനാണ്, മാനസാന്തരപ്പെടുക! ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു എന്നു പറയുന്ന ലവോദിക്യ സഭയോട് യേശു പറഞ്ഞത്, നീ നിർഭാഗ്യവാനും, അരിഷ്ടവും ദരിദ്രനും കുരുടനും നഗ്നനും ആയിരിക്കയാൽ മാനസാന്തരപ്പെടുക എന്നാണ്.

ഇന്നും കർത്താവായ യേശു തന്റെ പ്രിയകാന്ത

(ശേഷം 5-ാംപേജിൽ)

ജോർജ്ജ് മുള്ളറുടെ ആശ്രയ ജീവിതം Part - 3

ജോർജ്ജ് മുള്ളറിന്റെ വിശ്വാസ ജീവിതത്തിലുടനീളം വെല്ലുവിളികളായിരുന്നു. ജോർജ്ജ് മുള്ളർ ദൈവവേലയ്ക്കായി സമർപ്പിക്കപ്പെട്ട തന്റെ ഭാര്യ, തന്റെ സ്ഥാപനത്തിലെ ജീവനക്കാർ എല്ലാവരും ആവശ്യത്തിനുള്ള ആഹാരം, വസ്ത്രം, 130 അനാഥ കുട്ടികളുൾപ്പെട്ട താമസം പരിപാലനം എല്ലാറ്റിലും ദൈവത്തിന്റെ വിശ്വസ്തതയെ നന്നായി രുചിച്ചറിഞ്ഞു. എന്നാൽ വീണ്ടും വലിയ കാര്യങ്ങൾക്കു വേണ്ടി കാത്തിരിക്കുവാനുള്ള വെല്ലുവിളിയാണ് മുന്നിലുള്ളത്.

ആദ്യത്തെ കെട്ടിടം 1835 മുതൽ 1845 വരെയുള്ള കാലങ്ങളിൽ തുറക്കപ്പെട്ടു. വിത്സൻ തെരുവിലെ വാടകക്കെട്ടിടങ്ങളിൽ അനാഥശാല പ്രവർത്തിച്ചിരുന്നു. തങ്ങളുടെ ദേശത്ത് ഇത്രയുമധികം കുട്ടികളെ താമസിക്കുന്നത് സംബന്ധിച്ചു ചില അസൗകര്യങ്ങൾ വിത്സൻ തെരുവിലെ താമസക്കാർ ഉന്നയിച്ചിരുന്നു. ഇത് മുള്ളർ ദൈവസന്നിധിയിൽ വച്ച് പ്രാർത്ഥിപ്പാൻ തുടങ്ങി. എന്തുകൊണ്ട് ഈ അനാഥശാല അവിടെ നിലനില്ക്കണം എന്തുകൊണ്ട് ഇതിനെ മാറ്റി സ്ഥാപിക്കണം എന്നീ കാര്യങ്ങളെക്കുറിച്ച് മുള്ളർ ചിന്തിപ്പാൻ തുടങ്ങി. വചനത്തിന്റെ ഉന്നതമായ പ്രമാണത്തെ താൻ കണ്ടെത്തി.

“ മനുഷ്യർ നിങ്ങൾക്ക് ചെയ്യണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നതൊക്കെയും നിങ്ങൾ അവർക്ക് ചെയ്വിൻ ” (മത്താ. 7:12). കുട്ടികളുടെ ശബ്ദം പ്രത്യേകാൽ കളി സമയങ്ങളിലുള്ള ശബ്ദം തുടങ്ങിയുള്ള അസ്വസ്ഥതകൾ ആളുകൾക്ക് ബുദ്ധിമുട്ടുകളുണ്ടാക്കുന്നു എന്ന് താൻ മനസിലാക്കി. പര്യാപ്തമായ ഒരു സ്ഥലം കണ്ടെത്തേണ്ടതായി വന്നു. അങ്ങനെയുള്ള ഒരു സ്ഥലം പരിസരത്തെങ്ങും ഇല്ലായിരുന്നു. മാത്രമല്ല അനേക കുട്ടികൾ അനാഥശാലയിലേക്ക് വരാനായി കാത്തിരിക്കയായിരുന്നു. അവരെ ഉൾക്കൊള്ളുവാനുള്ള സൗകര്യം അനാതശാലക്കില്ലായിരുന്നു.

വിശ്വാസത്തിന്റെ ഒരു കുതിപ്പ്

വിശ്വാസത്തോടെ പണി ആരംഭിച്ചു. ആവശ്യത്തിനുള്ള പണനം ദൈവം തന്റെ പ്രവർത്തിക്കായി തരും എന്ന് വിശ്വസിച്ചു. 300 കുട്ടികൾക്ക് താമസിക്കാനുള്ള കെട്ടിടം പണിയണം എന്ന് ചിന്തിച്ചു. അത് താൻ ചെയ്തു വന്നതിന്റെ ഇരട്ടിയിലധികമാണ്.

മുള്ളറും ഭാര്യയും ഓരോ ദിവസവും പണിക്ക് ആവശ്യത്തിനുള്ള പണത്തിനു വേണ്ടി പ്രാർത്ഥിക്കാൻ തുടങ്ങി. ഏകദേശം പതിനായിരം പൗണ്ട് അതിനാവശ്യമായിരുന്നു.

മുപ്പത്തി ആറാമത്തെ ദിവസം ആയിരം പൗണ്ട് സഹായം പണിക്കായികിട്ടി. ഒരു ക്രിസ്ത്യാനിയായ എഞ്ചിനീയർ പ്ലാനും മേൽനോട്ടവും സൗജന്യമായി ചെയ്യാം എന്ന് വാക്കു പറഞ്ഞു. തന്റെ ആവശ്യങ്ങൾ പരസ്യപ്പെടുത്തുന്നതിൽ താൽപര്യപ്പെട്ടില്ല. പകരം ദൈവത്തിന്റെ പ്രവർത്തിക്കായി ക്ഷമയോടെ കാത്തിരിപ്പാൻ തയ്യാറായി. ദൈവത്തിന്റെ പ്രവർത്തിക്കായി കാത്തിരുന്നു.

ആഷ്ലി താഴ്വര

മൂന്നു മാസത്തെ പ്രാർ

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം.

“ഞാൻ ബാലനെന്നു നീ പറയരുതു; ഞാൻ നിന്നെ അയക്കുന്ന ഏവരുടെയും അടുക്കൽ നീ പോകയും ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും സംസാരിക്കയും വേണം. നീ അവരെ ഭയപ്പെടരുത് നിന്നെ വിടുവിക്കേണ്ടതിന് ഞാൻ നിന്നോടു കൂടെ ഉണ്ടെന്നു യഹോവയുടെ അരുളപ്പാടു ” (യിര. 1:7-10)

2020 ജനുവരി മാസം നമ്മെ വിട്ട് കടന്നുപോയി. ഫെബ്രുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

കഴിഞ്ഞ രണ്ടു മാസവും ദൈവം സമ്പൂർണ്ണ അനുഗ്രഹങ്ങളാൽ നമ്മെ നടത്തി.

നാം നമ്മുടെ കുടുംബത്തിനുവേണ്ടി ദൈവത്തോടു കരഞ്ഞപേക്ഷിക്കുകയും അവരെ ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യുമ്പോൾ ദൈവം നമ്മുടെ പ്രാർത്ഥന ശ്രവിക്കും. നിശ്ചയമായും അവരുടെ ജീവിതങ്ങളിൽ ദൈവം ഒരു മാറ്റം വരുത്തും. നിങ്ങൾ വിശ്വസിക്കുമ്പോൾ ദൈവം നിങ്ങൾക്ക് സന്തോഷവും സമാധാനവും നൽകും. ദൈവത്തിൽ ആശ്രയിക്കുന്നു. ദൈവം നിങ്ങളെ സഹായിക്കും.

സന്തോഷം നിറഞ്ഞ ഒരു കുടുംബജീവിതം നമുക്കുണ്ടാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾക്ക് നഷ്ടപ്പെട്ടതെല്ലാം തക്കസമയത്ത് തിരികെ നൽകും. വിശ്വാസത്തോടെ കർത്താവിന്റെ പാദത്തിൽ കാത്തിരിക്കുമ്പോൾ കുടുംബത്തിൽ സന്തോഷം കൊയ്തെടുക്കുവാൻ ദൈവം നിങ്ങളെ സഹായിക്കും. വിശ്വസിക്കുവാൻ യോഗ്യനായവൻ യേശു മാത്രമാണ്.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

“.....ദാഹിച്ചിരിക്കുന്നിടത്തു ഞാൻ വെള്ളവും വരണ്ടനിലത്തു നീരൊഴുക്കുകളും പകരും; നിന്റെ സന്തതിമേൽ എന്റെ ആത്മാവിനെയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും. അവർ പുല്ലിന്റെ ഇടയിൽ നീർത്തോടുകൾക്കരികെയുള്ള അലരികൾ പോലെ മുളച്ചുവരും ” (യെശ. 44:3,4).

യേശുക്രിസ്തുവിങ്കലേയ്ക്ക് ആളുകൾ മേഘങ്ങളെപ്പോലെയോ പ്രാവുകളെപ്പോലെയോ പറന്ന് വരുന്നു എങ്കിൽ, ആളുകൾ അഭയത്തിനായി മറ്റൊരു പട്ടണത്തിലേയ്ക്ക് പോകുന്നത് നിങ്ങൾ കാണുന്നു എങ്കിൽ, ഒരു നവജാതശിശുവിനോടെന്നവണ്ണം നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളിൽ സന്തോഷിക്കുമ്പോൾ, ഭർത്താക്കന്മാർ, തങ്ങളുടെ ഭാര്യമാരിൽ സന്തോഷിക്കുമ്പോൾ ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരിൽ സന്തോഷിക്കുമ്പോൾ അതുപോലെ ദൈവം തന്റെ ജനത്തിന്മേൽ ആത്മാവിനെ പകർന്നു സന്തോഷിപ്പിക്കുന്നു. .....സകലത്തിന്റെയും കാരണഭൂതനും പൂർത്തിയാക്കുന്നവനും ആകുന്നു. ഞാൻ പകരും.

ദൈവം തന്റെ ജനത്തെ വിശാലമാക്കുന്നു. ഓർമ്മിക്കുക. സെഖ. 4-ാം അദ്ധ്യായത്തിൽ വിളിക്കുകളും എണ്ണയും കാണാം. ഒരു വിളക്കിൽ എണ്ണ കുറവാകുന്നു എങ്കിൽ വിളക്കു മങ്ങികത്തും. എന്നാൽ എണ്ണ കൂടുതലുണ്ടെങ്കിൽ വിളക്ക് നന്നായി കത്തും.

ദൈവജനം വിശാലത പ്രാപിക്കുമ്പോൾ അവരുടെ ഹൃദയം സന്തോഷിക്കും. അധരങ്ങൾ സ്തുതികളാൽ നിറയും, വെള്ളത്തിനരികത്തെ അലരികൾപോലെ അവർ വളരുമ്പോൾ ദൈവത്തിന്റെ എല്ലാ നിറവിനോളവും അവർ സന്തോഷിക്കും. ദൈവം തന്റെ വചനം നിറവേറ്റേണ്ടതായിട്ടുണ്ട്. അവിടുന്ന് അൽഫയും ഒമേഗയും ആകുന്നു. എല്ലാറ്റിന്റേയും കാരണഭൂതനും പൂർത്തിയായിക്കുന്നവനും ആകുന്നു. ഞാൻ പകരും.

പുതുക്കം പ്രാപിക്കാനുള്ള ഒരു സമയം

By Robert Murray MC Cheyne (1813-1843

ആത്മീയ ദാഹത്തിന്റെ അടയാളങ്ങൾ

എല്ലാ വിശ്വാസികളും ആത്മീയ ദാഹമുള്ളവരായിരിക്കണം. ആത്മീയ ദാഹത്തിന്റെ അടയാളങ്ങൾ:

1.വചനത്തിനായുള്ള ദാഹം. മരുഭൂമിയിലൂടെ യാത്ര ചെയ്യുന്നവർ എപ്പോഴും വെള്ളം അന്വേഷിച്ച് നടക്കും. എത്ര സന്തോഷത്തോടെയാണ് യിസ്രായേൽ എലീമിലേയ്ക്ക് വന്നത് അവിടെ വെള്ളമുള്ള 12 കിണറുകളും 70 പനകളും ഉണ്ടായിരുന്നു.

ദാഹമുള്ള വിശ്വാസികൾ, അവർ വചനത്തെ സ്നേഹിക്കുന്നു, വായിക്കുന്നു പ്രസംഗിക്കുന്നു. പ്രിയസഹോദരങ്ങളേ നിങ്ങൾ അങ്ങനെയാണോ!

2. ധാരാളം പ്രസംഗിക്കുന്നു. ഒരു കൊച്ചു കുഞ്ഞ് അമ്മയുടെ പാലുകുടിക്കാൻ ദാഹിക്കുമ്പോൾ, അത് അടങ്ങിയിരിക്കയില്ല; ഒരു ദൈവപൈതലും അങ്ങനെയാണ്. ദാഹം ഒരുവനെ കിണറിന്റെ അരികിലേയ്ക്ക് നയിക്കുന്നു. ജീവഉറവിൽ നിന്നും ജീവനുള്ള വെള്ളം കുടിക്കുന്നു. അത് കൂട്ടായ പ്രാർത്ഥനയിലേക്ക് നയിക്കുന്നു. പട്ടണം മുഴുവൻ ദാഹത്തോടെയിരിക്കുന്നു എങ്കിൽ, അത് അവരുടെ മുഖത്ത് കാണാൻ കഴിയും. ഒരുവൻ മറ്റൊരുവനെ കണ്ടെത്തുവാനോ, അവനോട് സംസാരിക്കുവാനോ, പുതിയ കിണറുകൾ കുഴിക്കാൻ ഉത്സാഹിക്കുമോ?

ഇപ്പോൾ പട്ടണത്തിന് ദൈവകൃപ ആവശ്യമുണ്ട്. ആളുകൾ അതില്ലാതെ നഷ്ടപ്പെട്ടുപോകുന്നു. അതേ, പ്രാർത്ഥനയ്ക്കു കൂടി വരൂ. ഭൂമിയിൽ വച്ച് നിങ്ങൾ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അത് സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൽ നിന്ന് അവർക്കു ലഭിക്കും ” (മത്താ. 18:19).

3. കൃപയിൽ വളരുവാനുള്ള ആഗ്രഹം

ചില ആളുകൾ ക്രിസ്തുവിങ്കലേയ്ക്കു വന്നാൽ തൃപ്തികരമായ അനുഭവമാണ്. ഒരു സുഖപ്രദമായ ജീവിതമാണ്. ഒന്നും ചോദിക്കുന്നില്ല, ഒന്നും ആഗ്രഹിക്കുന്നില്ല. അങ്ങനെ ആയിരിക്കരുത്. നിങ്ങൾ ദാഹമുള്ള വിശ്വാസി എങ്കിൽ നിങ്ങൾ രക്ഷയെ അന്വേഷിക്കും. സഹോദരന്മാരേ ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. “ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതിനെ മറന്നും മുമ്പിലുള്ളതിനായിട്ട് ആഞ്ഞും കൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു ” (ഫിലി. 3:14,15).

(ശേഷം 7-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

നമ്മുടെ പാപങ്ങൾ ഏറ്റുപറയേണ്ടതിന്റെ ആവശ്യകത

By D.L.Moody

1 യോഹന്നാൻ 1::9 “ വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും സഹോദരനെ പകയ്ക്കയും ചെയ്യുന്നവൻ ഇന്നയോളം ഇരുട്ടിൽ ഇരിക്കുന്നു ”. സദൃശവാക്യങ്ങൾ 28:13 “ തന്റെ ലംഘനങ്ങളെ മറക്കുന്നവനു ശുഭം വരികയില്ല. അത് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും ”.

ക്രിസ്ത്യാനികളായ നമുക്ക് ഏറ്റു പറയാൻ ധാരാളം പാപങ്ങളുണ്ടെന്ന് ഞാൻ കരുതുന്നു. നിങ്ങൾ തിരുവെഴുത്തുകളുടെ രേഖകളിലേക്ക് തിരിച്ചു പോയാൽ ദൈവത്തോട് ഏറ്റവും അടുത്ത് ജീവിക്കുകയും അവനോട് കൂടുതൽ ശക്തിയുള്ളവരുമായ ആളുകൾ അവരുടെ പാപങ്ങളും പരാജയവും ഏറ്റുപറഞ്ഞതായി നിങ്ങൾ മനസ്സിലാക്കും. ദാനിയേൽ തന്റെ പാപങ്ങളും പരാജയവും ഏറ്റുപറഞ്ഞതായി നിങ്ങൾ മനസ്സിലാക്കും. ദാനിയേൽ തന്റെ പാപങ്ങളും തന്റെ ജനത്തിന്റെ കുറ്റങ്ങളും ഏറ്റു പറഞ്ഞു. എന്നിട്ടും ദാനിയേലിനെതിരെ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ മുൻപിലെ ഏറ്റവും മികച്ച മനുഷ്യരിൽ ഒരാളായിരുന്നു അദ്ദേഹം. എന്നിട്ടും പാപത്തിന്റെ ഏറ്റുപറച്ചിൽ രേഖപ്പെടുത്തുന്നതിൽ ഏറ്റവും ആഴമേറിയതും വിനീതവുമായിരുന്നു.

ഈ വാക്കുകളിൽ നിങ്ങൾക്ക് ആറ് സാഹചര്യങ്ങളെ കാണാൻ കഴിയും, ദാനിയേൽ തന്റെയും ജനങ്ങളുടെയും പാപങ്ങൽ ഏറ്റു പറയുന്നതിനും അവയെ ഉയർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു. ആദ്യം നാം പാപം ചെയ്തു; രണ്ടാമതായി ഞങ്ങൾ അകൃത്യം ചെയ്തു; മൂന്നാമതായി ഞങ്ങൾ ദുഷ്ടത പ്രവർത്തിച്ചു; നാലാമതായി ഞങ്ങൾ നിന്നോടു മത്സരിച്ചു; അഞ്ചാമതായി ഞങ്ങൾ നിന്റെ പ്രമാണങ്ങളിൽ നിന്നു പുറപ്പെട്ടു പോയി; ആറാമതായി ഞങ്ങളുടെ രാജാക്കന്മാരോടും പ്രഭുക്കന്മാരോടും ദേശത്തിലെ സകല ജനത്തോടും തന്റെ നാമത്തിൽ സംസാരിച്ച നിന്റെ ദാസന്മാരായ പ്രവാചകന്മാരുടെ വാക്ക് ഞങ്ങൾ കേട്ടനുസരിച്ചതുമില്ല (ദാനിയേൽ 9:5,6).

കുറ്റസമ്മതത്തിൽ ദാനിയേൽ പറയുന്ന ഈ ആറ് സാഹചര്യങ്ങളും നാം ഗുരുതരമായി പരിഗണിക്കേണ്ടതാണ്.

ഇയ്യോബ് 42: 6 “ ആകയാൽ ഞാൻ എന്നെ തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധിയും വിശുദ്ധിയും കണ്ട യെശയ്യാവു ദൈവത്തിന്റെ യഥാർത്ഥ വെളിച്ചത്തിൽ തന്നെത്താൻ കണ്ടു, എനിക്ക് അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു; എന്റെ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്ന് പറഞ്ഞു” (യെശ. 6:5).

കൃപയുടെ മഹത്തായ ഒരു പ്രവൃത്തി നടക്കുന്നതിനു മുമ്പ് ദൈവസഭ സ്വന്തം പാപങ്ങൾ ഏറ്റുപറയേണ്ടിവരുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്ന ആളുകൾക്കിടയിൽ ആഴത്തിലുള്ള ഒരു പ്രവൃത്തി ഉണ്ടായിരിക്കണം. ഭക്തികെട്ടവരോടുള്ള പ്രസംഗം ഉപേക്ഷിച്ച് ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നവരോട് പ്രസംഗിക്കേണ്ട സമയമാണിതെന്ന് ഞാൻ ചിലപ്പോൾ കരുതുന്നു. ദൈവസഭയിൽ നമുക്ക് ഉയർന്ന ജീവിത നിലവാരം ഉണ്ടായിരുന്നെങ്കിൽ ആയിരക്കണക്കിന് ആളുകൾ ദൈവരാജ്യത്തിലേക്ക് ഒഴുകിയെത്തിയിരുന്നു. അതിനാൽ, ദൈവവിശ്വാസികളായ മക്കൾ അവരുടെ പാപങ്ങളിൽ നിന്നും അവരും വിഗ്രഹങ്ങളിൽ നിന്നും പിന്തിരിയുമായിരുന്നു. ദൈവഭയം ചുറ്റുമുള്ള ആളുകൾക്കിടയിൽ ഉയർന്നത്. യിസ്രായേലിന്റെ ചരിത്രം നോക്കൂ, അവർ അവരുടെ വിചിത്ര ദൈവങ്ങളെ ഉപേക്ഷിച്ചപ്പോൾ ദൈവം രാഷ്ട്രത്തെ സന്ദർശിച്ചു, കൃപയുടെ മഹത്തായ ഒരു പ്രവൃത്തി വന്നു.

ന്യായവിധി നമ്മിൽ ആരംഭിക്കണം

ദൈവത്തിന്റെ സഭയിലെ യഥാർത്ഥവും ആഴത്തിലുള്ളതുമായ ഒരു ഉണർവാണ് ഈ ദിവസങ്ങളിൽ വേണ്ടത്. ഒരു തണുത്തതും യഥാക്രമമായ ഒരു സഭയിലൂടെ ദൈവം ജനങ്ങളിലേക്കെത്താൻ പോകുന്നു എന്ന ആശയത്തോട് എനിക്ക് വലിയ സഹതാപമില്ല. “ ദൈവത്തിന്റെ ന്യായവിധി നമ്മിൽ ആരംഭിക്കണം ” (1 പത്രൊ. 4:17). ഒൻപതാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥനയ്ക്ക് ദാനിയേലിന് അതിശയകരമായ ഉത്തരം ലഭിച്ചപ്പോൾ അവൻ തന്റെ പാപം ഏറ്റു പറയുന്നത് നമുക്ക് കാണാൻ കഴിയും.

ഇങ്ങനെ ഞാൻ പ്രാർത്ഥിക്കുകയും എന്റെ പാപവും എന്റെ ജനമായ യിസ്രായേലിന്റെ പാപവും ഏറ്റുപറയുകയും എന്റെ ദൈവത്തിന്റെ വിശുദ്ധപർവ്വതത്തിന് വേണ്ടി എന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ അപേക്ഷ കഴിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, ഞാൻ എന്റെ പ്രാർത്ഥനകഴിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, ആദിയിങ്കൽ ഞാൻ അത്യന്തം ക്ഷീണിച്ചിരുന്ന സമയം ദർശനത്തിൽ കണ്ട ഗബ്രിയേൽ എന്ന പുരുഷൻ ഏകദേശം സന്ധ്യായാഗത്തിന്റെ നേരത്ത് എന്നോട് അടുത്തു വന്നു. അവൻ വന്ന് എന്നോട് പറഞ്ഞതെന്തെന്നാൽ; “ ദാനിയേലേ, നിനക്ക് ബുദ്ധി ഉപദേശിച്ചു തരേണ്ടതിന് ഞാൻ ഇപ്പോൾ വന്നിരിക്കുന്നു ” (ദാനി. 9:20-22).

അതുപോലെ ഇയ്യോബ് തന്റെ പാപം ഏറ്റു പറഞ്ഞപ്പോൾ ദൈവം അവനെ അടിമത്വത്തിൽ നിന്ന് വിടുവിക്കുകയും അവന്റെ പ്രാർത്ഥന കേൾക്കുകയും ചെയ്തു (ഇയ്യോ. 42:10) ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുകയും അവന്റെ മുമ്പാകെ നമ്മുടെ യഥാർത്ഥ സ്ഥാനം ഏറ്റെടുക്കുകയും ചെയ്യുമ്പോൾ അവൻ നമ്മെ സത്യത്തിന്റെ വഴിയിൽ നിർത്തും. യെശയ്യാവ് ദൈവത്തോട് പ്രാർത്ഥിച്ചു. ഞാൻ അരിഷ്ട മനുഷ്യൻ ദൈവം തന്റെ പ്രാർത്ഥന കേട്ടു. യാഗപീഠത്തിൽ നിന്നും കനൽ തന്റെ അധരങ്ങളെ തൊട്ടു. അങ്ങനെ വേദപുസ്തകത്തിലെ ഏറ്റവും മികച്ച ഒരു പുസ്തകമെഴുതാൻ അത് തന്നെ കാരണമാക്കി.

ദാവീദ് ഇങ്ങനെ പറഞ്ഞു. “ ഞാൻ യഹോയോടു പാപം ചെയ്തിരിക്കുന്നു ” (2ശമു. 12:13). ദൈവം തന്നോട് കരുണ കാണിച്ചു. ഞാൻ എന്റെ പാപം നിന്നോട് അറിയിച്ചു. എന്റെ അകൃത്യം മറച്ചതുമില്ല; “എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റു പറയും എന്ന് ഞാൻ പറഞ്ഞു. അപ്പോൾ അവൻ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചു തന്നു. സങ്കീ. 32:5. എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു. നിന്നോടു തന്നെ ഞാൻ പാപം ചെയ്തു; നിന്ക്കു അനിഷ്ടമായുള്ളത് ഞാൻ ചെയ്തിരിക്കുന്നു; സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിനു തന്നെ. (സങ്കീ. 51:3,4).

(ശേഷം അടുത്ത ലക്കം)

(1-ാം പേജിന്റെ തുടർച്ച)

മാനസാന്തരഹൃദയത്തിനായുള്ള ഒരു വിളി

യോട് പറയുന്നത് ജാഗ്രതയോടിരിക്ക മാനാസന്തരപ്പെടുക എന്നാണ്. അല്ലെങ്കിൽ ഞാൻ വരികയും നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നും നീക്കിക്കളകയും ചെയ്യും.

യെഹെസ്ക്കേൽ 8,9 അദ്ധ്യായങ്ങളിൽ ദൈവം തന്റെ ഭൃത്യനെ ദർശനത്തിൽ യരുശലേം ദൈവാലയത്തിലേയ്ക്ക് കൊണ്ടു പോയി. 8-ാം അദ്ധ്യായത്തിൽ 10 പ്രാവാശ്യത്തിൽ കുറയാതെ കർത്താവു പറയുന്നത് നോക്കുക, കാണുക, എന്താണ് അവിടെ നടക്കുന്നത് എന്ന് കണ്ടുവോ? വലതു വശത്ത് എന്റെ ആലയത്തിൽ നടക്കുന്ന കാര്യങ്ങൾ നീ കാണുന്നുവോ?

യഥാർത്ഥ സത്യം എന്നത്, നാം ലോകത്തോട് ഗൃംഗാരം മാത്രമല്ല, ദുർന്നടപ്പിലേർപ്പെട്ടിരിക്കയത്രേ. അങ്ങനെയാണെങ്കിൽ നാം എങ്ങനെ ജീവിക്കും, എങ്ങനെ ചിന്തിക്കും, എങ്ങനെ നോക്കും, എങ്ങനെ സംസാരിക്കും, എങ്ങനെ ശുശ്രൂഷ ചെയ്യും ലോകത്തെക്കാളും അധ:പതിച്ചിരിക്കുന്നു. ഇപ്പോഴത്തെ സ്ഥിതി വിവരക്കണക്കനുസരിച്ച് അമേരിക്കയിലെ സ്ഥിതിവിവരക്കണക്കനുസരിച്ച് ക്രിസ്ത്യാനികളുടെയിടയിൽ വിവാഹമോചന നിരക്ക് മറ്റുള്ളവരെക്കാൾ വളരെയധികമാണ്.

ലോകത്തിലെ തത്വശാസ്ത്രങ്ങളും പരിചയങ്ങളും നാം വിലകൊടുത്തു വാങ്ങിയിരിക്കുന്നു. എങ്ങനെ ജീവിക്കണം എന്ന് ലോകത്തെ പഠിപ്പിക്കേണ്ട സഭയെ ലോകം പഠിപ്പിക്കേണ്ടി വരുന്നു. ക്രിസ്തുവിന്റെ സംസ്കാരം നാം പുലർത്തേണ്ടതിന് പകരം, ലോകത്തിന്റെ സംസ്കാരത്തോട് ഇഴുകി ചേർന്നിരിക്കുന്നു.

അങ്ങനെ നാം താഴ്മയുടേയും, വിശുദ്ധിയുടെയും പ്രാർത്ഥനയുടെയും പ്രമാണം വിട്ട് ലോകത്തിന്റെ തത്വങ്ങളിലും വ്യാപാരങ്ങളിലും മുഴുകിയിരിക്കുന്നു. ധാരാളം പാസ്റ്റർമാരും ക്രിസ്തീയ നേതാക്കളും ആത്മീയ അജപരിപാലനം വിട്ട് വിവിധ വ്യാപാരങ്ങളിലേർപ്പെട്ടിരിക്കുന്നു.

നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ചിന്തവിട്ട് ലോകത്തോട് ഇഴുകിച്ചേരുമ്പോൾ നമ്മുടെ വ്യക്തിത്വവും ശുശ്രൂഷയും നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ക്രിസ്ത്യാനിത്വം ലോകത്തിന് ഒരു തമാശയായിത്തീർന്നിരിക്കുന്നു. സന്തോഷവും ഉല്ലാസവും നാശത്തിലേക്ക് നമ്മെ നയിക്കുന്നു. ക്രിസ്ത്യാനിത്വം വെറും ആഘോഷമായി മാറിയിരിക്കുന്നു. പ്രാർത്ഥനായോഗങ്ങളിൽ ആളുകൾ കുറയുന്നു.

ദൈവത്തിലാശ്രയിച്ച സഭയ്ക്ക് എന്തു പറ്റി?

പ്രാർത്ഥനയിലും പരിശുദ്ധാത്മാവിലുമുള്ള ആശ്രയത്തെക്കാൾ പദ്ധതികളിലും, സൂത്രങ്ങളിലും തന്ത്രങ്ങളിലും പരിപാടികളിലും ആണോ നമ്മുടെ ആശ്രയം?

ആളുകളെ പിടിച്ചെടുക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിലും, രൂപാന്തരപ്പെടുത്തുന്ന സുവിശേഷത്തിലും പാപബോധം ഉളവാക്കുന്ന ദൈവവചനത്തിലും ഉള്ള ഉറപ്പ് നഷ്ടപ്പെട്ടുപോയോ? മാനുഷിക കഴിവുകൾക്കോ, സൃഷ്ടി വൈഭവങ്ങൾക്കോ, സാങ്കേതിക വിദ്യകൾക്കോ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ നാം അറിയുന്നു. പണത്തിന്, സംഘടനകൾക്ക്, പ്രോത്സാഹനങ്ങൾക്ക് ചില കാര്യങ്ങൾ ചെയ്യാൻ കഴിയും; എന്നാൽ നമുക്കാവശ്യം ദൈവത്തിന്റെ പ്രവർത്തിയാണ്.

പൊതുവായ ബന്ധങ്ങളെക്കുറിച്ച് നമുക്ക് അറിയാം. എങ്ങനെ നമ്മുടെ പ്രിയപ്പെട്ടവർ നമ്മെ കാണുന്നു. ദൈവം എങ്ങനെ നമ്മെ കാണുന്നു, ദൈവത്തിന്റെ മഹത്വത്തെക്കാളും നാം പലപ്പോഴും നമ്മുടെ കീർത്തിയെയാണ അനോക്കുന്നത്. നമ്മുടെ അന്വേഷണ മനോഭാവം, ദൈവത്തിന് കൊടുക്കുന്നതിനെക്കാളും പ്രാധാന്യം സന്ദർശകർക്കു കൊടുക്കുന്നു. ആളുകൾക്ക് നന്മയുണ്ടാകണം എന്ന് നാം ആഗ്രഹിക്കുന്നു. അവർ നല്ലവരായിരിക്കണം എന്ന് നാം ആഗ്രഹിക്കുന്നില്ല. സഭയിൽ നന്മയുണ്ടാകണം എന്ന് നാം ചിന്തിക്കുന്നു, എന്നാൽ പരിശുദ്ധനായ ദൈവത്തോട് മറുത്തു നില്ക്കുകയാണെന്നോ ദൈവത്തിന്റെ കോപത്തിനും ന്യായവിധിക്കും കീഴിലാണ് നാം എന്നോ നാം ചിന്തിക്കുന്നില്ല!

ദൈവവചനത്തിന്റെ സത്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിൽ നാം ഭയപ്പെടുന്നു. പുനർ വിവാഹം തുടങ്ങിയ മലിനതകൾക്ക് ആയിരക്കണക്കിന് വിശ്വാസികൾ എന്ന് അഭിമാനിക്കുന്നവർ അടിമകളായിരിക്കുന്നു. ദൈവം വെറുക്കുന്ന കാര്യങ്ങൾക്ക് നാം അടിമകളായിരിക്കുന്നു.

ലോകത്തിന്റെ നേട്ടങ്ങൾക്ക് സാമ്പത്തിക നേട്ടങ്ങൾക്കുമായി സുവിശേഷത്തെ ഒരു കച്ചവടച്ചരക്കാക്കി മാറ്റിയിരിക്കുന്നു.

പല കാര്യങ്ങളിൽ വിശുദ്ധിയുടെ പ്രമാണങ്ങൾക്കെതിരെ നാം സംഘടിതരാണ്. പാപത്തെ ഏറ്റുപറയുവാൻ മടിക്കുന്നു. നേരും നെറിയും ഇല്ലാത്തവരായി ഉപദേശപ്പിശകുകളെ അഭിമാനമായി കരുതുന്നു. ക്രിസ്ത്യാനിത്വത്തെ സുഖവാസകേന്ദ്രമാക്കി സ്വയകേന്ദ്രീകൃതമായ തലയായിരിക്കുന്നു. പാപത്തെ പരിപോഷിപ്പിക്കുന്ന തല മുറയായി, ക്രൂശ് ആവശ്യപ്പെടുന്ന അനുതാപവും മാനസാന്തരവും ഇല്ലാത്ത പ്രസംഗങ്ങളായി നമ്മുടെ ദൂതുകൾ ആയിത്തീർന്നിരിക്കുന്നു. സുവിശേഷം അല്ലാത്ത മറ്റൊരു സുവിശേഷം പ്രസംഗിച്ച് സംതൃപ്തി കണ്ടെത്തുന്നു. ക്രൂശ് എടുത്തു യേശുവിനെ അനുഗമിക്കുവാൻ പ്രോത്സാഹിപ്പിക്കുന്ന പ്രസംഗത്തിനു പകരം എല്ലാം ലഭിക്കുന്ന ദൂതായി പ്രസംഗങ്ങൾ മാറിയിരിക്കുന്നു.

യഥാർത്ഥമാനസാന്തരമല്ലാതെ, മാനസാന്തരത്തിന്റെ ഗുണമില്ലാതെ, ആളുകളെ കൂട്ടിച്ചേർക്കുന്നതിൽ മാത്രം താൽപര്യമുള്ളവരായിരിക്കുന്നു. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്തവിധം സഭകളിലെ ആയിരക്കണക്കിന് വിശ്വാസികൾ മാനസാന്തരം ഇല്ലാത്തവരായി, ക്രിസ്തുവുമായി ബന്ധമില്ലാത്തവരായിത്തീർന്നിരിക്കുന്നു.

വചനം അനുസരിക്കുന്നതിൽ സഭ പരാജയപ്പെട്ടിരിക്കുന്നു. ശൗലിനെപ്പോലെ നാം പറയുകയാണ്. ഞങ്ങൾ വചനം അനുസരിച്ചിരിക്കുന്നു. പാപക്ഷമയെക്കുറിച്ച് ഇന്ന് നമുക്ക് അറിയില്ല. വീട്ടിൽ, ശുശ്രൂഷയിൽ, സമൂഹത്തിൽ പരിഹരിക്കപ്പെടാനാകാത്ത വൈരുദ്ധ്യങ്ങളുമായി ജീവിക്കുന്നു. വേദപുസ്തകനിലവാരത്തിലുള്ള നേതൃത്വങ്ങളെ നാം വെറുക്കുന്നു. ദൈവചനത്തിന്റെ നിലവാരത്തോട് അനുരൂപപ്പെടുന്നതിനുപകരം സാമ്പത്തിക നന്മകളും ഭൗതിക ഉയർച്ചകളുമാണ് നമുക്ക് പറയാനുള്ളത്.

നാം പാപത്തെ വെള്ളതേച്ച് മൂടിവയ്ക്കുന്ന. ചില സഭകൾ വേദപുസ്തക നിലവാരം പുലർത്തുന്നു. പല സഭകളും വേദപുസ്തക നിലവാരമില്ലാതെ കൂട്ടങ്ങളായി നിൽക്കുന്നു.

മണാട്ടി ജീവിതം മറന്നിരിക്കുന്നു. ലജ്ജ കൂടാതെ പാപം ചെയ്യുന്നു. പാപത്തെക്കുറിച്ച് ദു:ഖിച്ച് മോങ്ങിക്കരയുന്ന അനുഭവം നഷ്ടപ്പെട്ടിരിക്കുന്നു. പാപത്തോട് അനുരജ്ഞപ്പെട്ട് ജഡത്തിന്റെ അഭിലാഷങ്ങളെ പരിപോഷിപ്പിക്കുന്ന അനുഭവങ്ങളായി മാറിയിരിക്കുന്നു.

(ശേഷം 6-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

മാനസാന്തരഹൃദയത്തിനായുള്ള ഒരു വിളി

നമ്മുടെ സ്ത്രീകൾ താഴ്മയുള്ളവരായി, ശാന്തതയുള്ളവരായി സ്വനിയന്ത്രണമുള്ളവരായി ജീവിക്കുന്നതിനുപകരം ലോകമോഹങ്ങളിലും ആഡംബരങ്ങളിലും മുഴുകി ജീവിക്കുന്നു. നാം ജീവിക്കുന്നത് അങ്ങനെയുള്ള കാലഘട്ടത്തിലത്രെ.

ക്രിസ്ത്യാനിത്വം ദൈവഭയത്തിലധിഷ്ടിതമായതാണ്. ദൈവവചനം കേട്ട് ദൈവത്തെ ഭയപ്പെടുന്ന ഒരു പാരമ്പര്യമാണ് നമുക്കുണ്ടായിരുന്നത്. എന്നാൽ ഇന്ന് വിശുദ്ധയുടെയും വേർപാടിന്റെ കാര്യം പറയുമെങ്കിലും തങ്ങളുടെ വീടുകളിലോ ഹോട്ടൽ മുറികളിലോ ഇരുന്നു ടെലിവിഷൻ കണ്ട് ചിരിച്ച് അട്ടഹസിച്ച് ദൈവഭയമില്ലാത്ത തമാശകൾ പറഞ്ഞ് സമയം ചെലവിടുന്നു. എപ്പോഴാണ് ദൈവവചനത്തിന്റെ മുമ്പാകെ നാം വിറച്ചതായ അവസാന സമയം.

ലോകം നമ്മുടെ ദൂതു കേട്ട് അത്ഭുതപ്പെടണമോ, അതോ അവർ നമ്മുടെ ജീവിതത്തിലില്ലാത്ത ദൂതിനെ തള്ളക്കളയണമോ?

ഇന്നത്തെ നമ്മുടെ പ്രശ്നം മരണകരമായ അഹങ്കാരമാണ് നശിപ്പിക്കുന്ന അന്ധമായ അഹങ്കാരം. ഉപദേശത്തിൽ, നമ്മുടെ പ്രവർത്തനങ്ങളുടെ മികവിൽ, സ്ഥാനമാനങ്ങളിൽ ഒക്കെ നാം അഹങ്കരിക്കുകയാണ്.

അഹങ്കാരം സ്വയനീതീകരണത്തിനും സ്വയ പ്രോത്സാഹനത്തിനും, സ്വസംതൃപ്തിക്കും കാരണമാവുന്നു. അത് നമ്മുടെ യഥാർത്ഥ അവസ്ഥയെയും യഥാർത്ഥ ആവശ്യത്തെയും മറക്കുന്നു. അത് ദൈവത്തെക്കാൾ മനുഷ്യനെ ഭയപ്പെടുവാൻ കാരണമാവുന്നു. അഹങ്കാരം നമ്മെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുവാനും മത്സരിക്കുവാനും വിമർശിക്കുവാനും കാരണമാവുന്നു. അഹങ്കാരം യേശുവിനെ സഭയിൽ നിന്നും പറുത്താക്കുവാൻ ഇടയാകുന്നു.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും നമ്മിൽ ചിലർ ചിന്തിക്കുന്നത് ഞങ്ങൾ ദൈവവചനത്തിന്റെ വഴികളെ വിട്ടുകളഞ്ഞിട്ടില്ല എന്നാണ്. അങ്ങനെയെങ്കിൽ ദൈവം നമ്മോട് ചോദിക്കുന്ന ചില ചോദ്യങ്ങൾ നിങ്ങളോട് ചോദിക്കുവാൻ ഞാൻ താല്പര്യപ്പെടുകയാണ്.

നാം ദൈവത്തോട് അടുത്തിരിക്കുന്നുവെങ്കിൽ അതിന്റെ പ്രതിഫലനങ്ങൾ എവിടെ? നിർബ്ബന്ധവും അഭിഷേകവും തീയും എവിടെ? കണ്ണുനീരെവിടെ? എന്തുകൊണ്ടാണ് നമ്മുടെ കണ്ണുനീരില്ലാതെയും നമ്മുടെ ഹൃദയം മങ്ങിയും ഇരിക്കുന്നത്? ആത്മാക്കളെക്കുറിച്ചുള്ള ഞരക്കവും കരച്ചിലും എവിടെ?

ദാവിദിനോട് ചേർന്നു കരയുന്നവർ എവിടെയാണ്? ദൈവമേ, ഇത് നിനക്കു പ്രവർത്തിപ്പാനുള്ള സമയമാകുന്നു; അവർ നിന്റെ പ്രമാണങ്ങളെ മറന്നിരിക്കുന്നു യെശയ്യാവിനോട് ചേർന്ന് ആരാണ് കരുയന്നത്. “ നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളാമായിരുന്നു ” (യെശ. 64:1). സങ്കീർത്തനകാരനോട് ചേർന്ന് വിളിച്ചപേക്ഷിക്കുന്നവർ എവിടെ? “സൈന്യങ്ങളുടെ ദൈവമായ യഹോവേ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ; ഞങ്ങൾ രക്ഷപ്പെടേണ്ടതിന് തിരുമുഖം പ്രകാശിപ്പിക്കേണമേ ” (സങ്കീ. 80:19).

ലോകജീവിതത്തിൽ, സഭയിൽ, സ്വന്തം ജീവിതത്തിൽ പാപത്തെ വെറുത്തു ആർ പറയും, “ നിന്റെ ന്യായപ്രമാണം ഉപേക്ഷിക്കുന്ന ദുഷ്ടന്മാർ നിമിത്തം എനിക്ക് ഉഗ്രകോപം പിടിച്ചിരിക്കുന്നു ” (സങ്കീ.119:53). ജനത്തിന്റെ പാപത്തെക്കുരിച്ച് വേദനയോടെ കരയുന്ന യിരെമ്യാവുമാരെവിടെ?

തങ്ങളുടെ സ്ഥാനവും മഹിമയും, പെൻഷൻ ആനുകൂല്യങ്ങളും, ക്രിസ്തീയ സമൂഹത്തിലുള്ള തങ്ങളുടെ അംഗീകാരവും ജനത്തിന്റെ നന്മയ്ക്കു വേണ്ടി ചെലവിടുന്ന എത്ര പ്രവാചകന്മാരാണുള്ളത്? സഭയെ മുന്നറിയിപ്പുകൾ വചനത്തിലൂടെ കൊടുത്ത് ഓർപ്പിച്ചുണർത്തുന്ന ആളുകൾ എവിടെ?

“ ദൈവത്തിന്റെ വചനം തീ പോലെയും പാറയെ തകർ ക്കുന്ന ചുറ്റികപോലെയും അല്ലയോ? ” (യിരെ. 23:29). അങ്ങനെയെങ്കിൽ പാപബോധം ഉളവാക്കുന്നു താഴ്മ

ഉളവാക്കുന്നു, ആത്മീയ തീയുണ്ടാക്കുന്നു, പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉണ്ടാക്കുന്ന പ്രസംഗങ്ങൾ എവിടെ?

നിത്യതയെക്കുറിച്ചും ആത്മാക്കളുടെ അവസ്ഥയെക്കുറിച്ചും ആളുകളോടും സംസാിക്കുന്നതിടുക്കവും ഉത്താദിത്വവും എവിടെ? ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ച് സംസാരിക്കുമ്പോഴുള്ള അത്യാവേശവും തിടുക്കവും എവിടെ?

ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചും സൗന്ദര്യത്തെക്കുറിച്ചും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയെക്കുറിച്ചും സംസാരിക്കുമ്പോഴുള്ള താഴ്മയും സമർപ്പണവും ആവേശവും എവിടെ? നമ്മുടെ ഹൃദയവും മനസും ഒരുപോലെ ഒരുങ്ങിയിരിക്കുന്നുവോ?

യാഗപീഠത്തിലെ അഗ്നി കൊണ്ട് ജ്വലിക്കുന്ന ചൂടുള്ള ഹൃദയം എവിടെ? ദൈവത്തോട് കൂടെയിരുന്നു, ദൈവത്തിൽ നിന്നും പ്രാപിക്കുന്നതുവരെയും കാത്തിരുന്ന് ശക്തിയും മഹത്വം പ്രാപിച്ചു തിളങ്ങുന്ന മുഖത്തോടെ പർവ്വതത്തിൽ നിന്നും ഇറങ്ങി വന്ന്, പ്രാപിച്ച ശക്തി യെ മറ്റുള്ളവരിലേയ്ക്ക് പകർന്ന് കൊടുക്കുന്ന ദൈവത്തിന്റെ മനുഷ്യർ എവിടെ?

ശുശ്രൂഷയെ സംബന്ധിച്ച വിശദീകരണങ്ങളിൽ തൃപ്തിപ്പെടാതെ നരകത്തെ സംബന്ധിച്ച യാഥാർത്ഥ്യം മനസ്സിലാക്കി കർത്താവായ യേശുവിലൂടെയുള്ള രക്ഷയെ ആവേശത്തോടെ പ്രസംഗിക്കുന്ന ആളുകൾ എവിടെ?

എന്റെ വിശുദ്ധ മന്ദിരത്തിൽ തുടങ്ങുക

ദൈവാലയത്തിനകത്തു നടക്കുന്ന വഷളത്വങ്ങളെയെഹസ്ക്കേലിന് ദൈവം കാണിച്ചു കൊടുക്കുന്നു. വിശുദ്ധ നഗരത്തിൽ ആളുകളെ അടയാളമിട്ടും ഒരുവനെ പറഞ്ഞയക്കുന്നു. അവനോട് “ യഹോവ നീ നഗരത്തിന്റെ നടുവിൽ യരുശലേമിന്റെ നടുവിൽ കൂടി ചെന്ന്, അതിൽ നടക്കുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്ന് കല്പിച്ചു ” (യെഹെ. 9:4). “ അടയാളമില്ലാത്തവരെ ഒക്കെ യും കൊന്നുകളയുവിൻ എന്ന് കല്പന കൊടുത്തു. അടയാളമുള്ള ആരെയും തൊടരുത്. എന്ന് പറഞ്ഞു. വീണ്ടും കർത്താവു പറഞ്ഞത് എന്റെ വിശുദ്ധ മ്ന്ദിരത്തിൽ തന്നെ തുടങ്ങുവിൻ എന്ന് പറഞ്ഞു ” (യെഹെ. 9:6).

ഈ അദ്ധ്യായത്തിൽ രണ്ടുകൂട്ടം ആളുകളേ ഉള്ളൂ. പ്രശ്നങ്ങളിലായിരിക്കുന്നവർ, അനുതാപത്തോടെ കരയുന്നവർ. ഇതിനിടയിൽ മറ്റൊരു കൂട്ടർ ഇല്ല.

ഇതിൽ നിശ്ചയമുള്ളവർ ആ ഭാരം തങ്ങളുടെ ഹൃദയങ്ങളിൽ ഏറ്റെടുക്കുന്നു. പാപം ചെയ്യുന്ന മണവാട്ടിയെക്കുറിച്ച് രക്ഷകന്റെ മനോഭാവം എന്താണ്? അവിടുന്ന് നമുക്കു വേണ്ടി പാപമായിത്തീർന്നു, നമ്മെ ദൈവത്തിൽ നീതീകരുക്കുവാൻ, നമ്മെ വാട്ടവും മാലിന്യവും ഇല്ലാത്ത മണവാട്ടിയാക്കി രൂപാന്തരപ്പെടുത്തുവാൻ തന്റെ വിലയേറിയ രക്തം കൊടുത്തു നമ്മെ വിലയ്ക്കു വാങ്ങി.

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

ജോർജ്ജ് മുള്ളറുടെ ആശ്രയ ജീവിതം

ത്ഥനകൾക്കുശേഷം മുള്ളർ സ്ഥലം അന്വേഷിപ്പാൻ തുടങ്ങി. പെട്ടെന്നു ആഷ്ലി താഴ്വര എന്ന ദേശത്ത് ഒരു സ്ഥലം തന്റെ സൗകര്യത്തിനായി ഉണ്ടെന്നു കേട്ടു. പക്ഷേ അതിന് വളരെ ചെലവ് വരുമായിരുന്നു. അതിന്റെ ഉടമസ്ഥനെ അന്വേഷിക്കാൻ പോയി, എന്നാൽ, അദ്ദേഹത്തിന്റെ വീട്ടിലോ ഓഫീസിലോ അന്ന് അദ്ദേഹത്തെ കണ്ടെത്താൻ കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തിന് സന്ദേശം കൈമാറി എങ്കിലും തന്നെ കാണുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. എന്നാൽ അത് ദൈവത്തിന്റെ പ്രവർത്തിയുടെ സമയമായിരുന്നു. അടുത്ത ദിവസം അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത്, ആ സന്ദേശം കിട്ടിയപ്പോൾ അന്ന് രാത്രി 2 മണിക്കൂർ അനാഥശാലയ്ക്ക് വസ്തു കൊടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയായിരുന്നു എന്നാണ്. ഏക്കറിനു 200 പൗണ്ടിന് കൊടുക്കാം എന്ന് ചിന്തിച്ചുകൊണ്ടിരുന്ന ഭൂമി ഏക്കറിന് 120 പൗണ്ടിന് അനാഥശാലയ്ക്കു കൊടുക്കുവാൻ തീരുമാനിക്കുകയായിരുന്നു.

അതേ സമയം മുള്ളർ അനാതശാലയ്ക്ക് കെട്ടിടം പണിയുവാനുള്ള ഫണ്ടിനുവേണ്ടി ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. 278 കുട്ടികളുള്ള ഒരു സ്കൂളും ദൈവകൃപയാൽ മുള്ളർ പ്രവർത്തിച്ചു വരികയായിരുന്നു. ഒരു സണ്ടേ സ്കൂളും ഒരു മുതിർന്നവർക്കുള്ള ക്ലാസുകളും ഉണ്ടായിരുന്നു. ബൈബിളുകൾ, പുതിയനിയമങ്ങൾ, ട്രാക്റ്റുകൾ തുടങ്ങിയവയും വിദേശ മിഷന്റെ സഹായത്താൽ വിതരണം ചെയ്തുവരികയായിരുന്നു. ചില അനാഥക്കുട്ടികൾ രക്ഷിക്കപ്പെട്ട് സഭയോട് ചേർന്നു. ചില മുതിർന്നവരും അതുപോലെ രക്ഷിക്കപ്പെട്ട് സഭയോട് ചേർന്നു. തങ്ങലുടെ ഇളയമകളും ഈ സമയം യേശുവിനെ അവളുടെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചത് മുള്ളർക്കും ഭാര്യക്കും ഏറെ സന്തോഷം പകർന്നു. ഒന്നര വർഷം അവർ മകൾക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു.

സ്വദേശത്തും വിദേശത്തുമുള്ള മിഷൻ പ്രവർത്തനങ്ങൾക്കായി നല്ല ഫണ്ട് മുള്ളറുടെ കയ്യിലെത്തിച്ചേർന്നു. സ്ഥിരവരുമാനമില്ലാത്തവരെ സഹായിക്കണം എന്ന് അദ്ദേഹത്തിന് തോന്നി. വലിയ ബുദ്ധിമുട്ടുകളിലായിരുന്ന സമയത്ത് ഫണ്ട് എത്തിച്ചേർന്നത് വലിയ ആശ്വാസമുളവാക്കി. സമ്പന്നരായ ചിലർ തങ്ങൾക്കുള്ളതെല്ലാം കർത്താവിന്റെ വേലയക്കു വേണ്ടി നൽകി. മുള്ളർ അവരുടെ ആത്മീയ ഭൗതിക അഭിവൃദ്ധിയ്ക്ക് വേണ്ടി പ്രവർത്തിച്ചു. പ്രാർത്ഥനയിൽ അവർക്കുവേണ്ടി പോരാടി. സംശയിക്കാതെ ദൈവത്തെ വിശ്വസിച്ചതിൽ തന്റെ കൂട്ടുവേലക്കാരടക്കം ദൈവത്തിന്റെ പ്രവർത്തിയിൽ സന്തോഷിച്ചു. തങ്ങളുടെ ആവശ്യങ്ങൾക്കു വേണ്ടി കൂടുതൽ ദൈവത്തിൽ ആശ്രയിപ്പാൻ അത് അവരെ ഒരുക്കി. നിർദ്ദേശിച്ചു വന്ന ഫണ്ടുകൾ ആ കാര്യങ്ങൾക്കു വേണ്ടി അഥവാ ആ വ്യക്തികൾക്കുവേണ്ടി താൻ കൊടുക്കുവാൻ ശ്രദ്ധിച്ചിരുന്നു.

വിലക്കയറ്റം

ഒരിക്കൽ മുള്ളർ ഇങ്ങനെ എഴുതി. അനാഥശാലയുടെ അത്യാവശ്യങ്ങൾക്കു വേണ്ടി പോകുമ്പോഴെല്ലാം പണപ്പെട്ടി കാലിയായിരിക്കും. എന്നാൽ നമ്മുടെ ദൈവം എത്ര നല്ലവൻ! ലോകവ്യാപകമായ പ്രതിസന്ധികളിലും ദൈവം നമുക്കു മതിയായവനായിരിക്കുന്നു. ഈ സമയത്ത് അത്യാവശ്യ വസ്തുവായ ഉരുളക്കിഴങ്ങ് വളരെ വില കൂടിയിരിക്കുന്നു. അതിന് പകരം അരി ഉപയോഗിക്കുമ്പോൾ ചെലവ് ഇരട്ടിയിലധികമാകുന്നു. ഓട്സ് ഇരട്ടിയിലധിക വിലയായിരിക്കുന്നു. ബ്രഡ് ഒന്നര ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുന്നു.

എന്നാൽ എല്ലാക്കാലത്തും ദൈവത്തിന്റെ സമ്പന്നത വളരെ അനുകൂലമായിരിക്കുന്നു. അവിടുന്ന് നമ്മുടെ ആവശ്യം വലുതാണ് എന്ന് അറിയുന്നു. അവശ്യസാധനങ്ങൾക്ക് വില കൂടിയിരിക്കുമ്പോൾ ചെറിയകാര്യങ്ങൾ പര്യാപ്തമല്ല എന്ന് അവിടുന്ന് അറിയുന്നു. ജോലിക്കാരടക്കം 150 പേർക്ക് ആവശ്യങ്ങൾ കണ്ടെത്തണമായിരുന്നു. എന്റെ സമാധാനം ദൈവത്തിലാണ്.

വിലക്കയറ്റം ഏറ്റവും അധികമായ സമയത്ത് താൻ ഇങ്ങനെ എഴുതി, നമ്മുടെ വിശ്വാസം ഏറ്റവും വർദ്ധിക്കേണ്ടതായ സമയമാണിത്. പ്രതിസന്ധി അധികമാകുമ്പോൾ, വിശ്വാസം വർദ്ധിക്കുന്നു. ഉറവിടങ്ങൾ നിറഞ്ഞിരിക്കുമ്പോൾ വിശ്വാസം പ്രവർത്തിക്കുന്നില്ല. ഉറവിടങ്ങൾ കാലിയാകുമ്പോൾ വിശ്വാസം പ്രാവർത്തികമാകുന്നു.

സാധാരണയെക്കാൾ ചെലവുകൾ വർദ്ധിക്കുമ്പോൾ, സഹായിക്കുന്നവർ നിസാഹയരാകുമ്പോൾ ദൈവം മറ്റൊരു വഴി തുറക്കുന്നു സ്വർണ്ണവും വെള്ളിയും ദൈവത്തിനുള്ളത്. അവിടുത്തോട് നാം പ്രാർത്ഥിക്കുന്നു., അവിടുത്തെ നാമത്തിൽ നാം ആശ്രയിക്കുന്നു. അവിടുന്ന് നമ്മെ ഉപേക്ഷിക്കുന്നില്ല. ദൈവം അവിടെ തന്റെ മഹത്വം വെളിപ്പെടുത്തുന്നു.

അന്വേഷിക്ക പ്രിയവായനക്കാരാ, കൂടുതൽ കൂടുതൽ ദൈവത്തിൽ ആശ്രയിക്ക. ഈ ആയുസിൽ തന്നെവൻ കാര്യങ്ങൾ ചെയ്യുവാൻ ദൈവം നിങ്ങളെ ഒരുക്കും.

❖

(3-ാം പേജിന്റെ തുടർച്ച)

പുതുക്കം പ്രാപിക്കാനുള്ള ഒരു സമയം

ദാഹിക്കുന്ന വ്യക്തികളേ: പ്രിയകുഞ്ഞുങ്ങളേ, നിങ്ങളുടെ ഇടയിൽ പകരപ്പെടുന്ന ദൈവകൃപയുടെ ആദ്യ തുള്ളിയെ ഞാൻ നോക്കിപ്പാർക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയ്ക്കുള്ള മറുപടിയിൽ അതു നിങ്ങളുടെ വായ് നിറയ്ക്കും. അതെ അവിടുന്ന് പകർന്നു തരും. അന്നു നിങ്ങൾ മനോഹരമായൊരു മുന്തിരിത്തോട്ടത്തെപ്പറ്റി പാടുവിൻ യഹോയായ ഞാൻ അതിനെ സൃഷ്ടിക്കും. ക്ഷണം പ്രതി ഞാൻ അതിനെ നനയ്ക്കും; ആരും അതിനെ തൊടാതാരിക്കേണ്ടതിന് ഞാൻ അതിനെ രാവും പകലും സൂക്ഷിക്കും (യെശ. 27:2,3). അതുകൊണ്ട് നിങ്ങൾ സന്തോഷത്തോടെ രക്ഷയുടെ ഉറവുകളിൽ നിന്നും വെള്ളം കോരും (യെശ. 12:3).

വെള്ളപ്പൊക്കങ്ങളും അതിന്റെ പ്രത്യാഘാതങ്ങളും

പ്രിയവിശ്വാസകളേ, പ്രളയങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. ദൈവം തന്റെ വചനത്തെ നമ്മുടെ അധരങ്ങളിൽ തരുന്നു. തുള്ളികൾക്കായി പ്രാർത്ഥിക്കരുത്. പ്രവാഹങ്ങളെ ദൈവം നമുക്ക് വാഗ്ദത്തം ചെയ്യുന്നു. “നിന്റെ വായ് വിസ്താരത്തിൽ തുറക്ക ഞാൻ അതിനെ നിറയ്ക്കും” (സങ്കീ. 81:10). ദൈവം തന്റെ പ്രവാഹങ്ങളെ അയയ്ക്കുമ്പോൾ, തന്റെ ശക്തി വെളിപ്പെടുന്നു.

1. രക്ഷിക്കപ്പെട്ട ആത്മാക്കൾ പുല്ലുപോലെ ആയിരിക്കും. അവർ പുല്ലുപോലെ തഴെക്കും. .... നഗരവാസികൾ ഭൂമിയിലെ സസ്യംപോലെ തഴെയ്ക്കും (സങ്കീ. 72:16). അനേകർ ഉണർന്ന് രക്ഷിക്കപ്പെടു. ക്രിസ്തുവിന്റെ ജനം മുള്ളുകളുടെ ഇടയിൽ താമരപോലെയാണ്. എന്നാൽ ദൈവകൃപയുടെ ചില അവസരങ്ങളിൽ അവർ പുല്ലുകളെപ്പോലെ ആകും. മഴ ലഭിക്കുമ്പോൾ പുല്ല് ധാരാളമായി വളരുന്നു. ദൈവകൃപയാൽ ആളുകൾ ധാരാളമായി ദൈവത്തിങ്കലേയ്ക്ക് വരും.

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

ജോർജ്ജ് മുള്ളറുടെ ആശ്രയ ജീവിതം

സർവ്വഭൂമിയ്ക്കും ന്യായാധിപതി ആയവൻ നീതി പ്രവർത്തിക്കാതിരിക്കുമോ? (ഉല്പ. 18:25). താൻ ആശ്വാസത്തിനായി ദൈവവചനത്തിലേയ്ക്ക് തിരിഞ്ഞു. ആ ദിവസങ്ങളിൽ കുട്ടികൾക്ക് വേണ്ടത് ആഹാരമില്ലായിരുന്നു. താൻ ഇങ്ങനെ എഴുതുന്നു. ആ സമയങ്ങലിൽ എന്റെ ഹൃദയം ദൈവത്തിൽ ഉറച്ചു നിന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ഉറച്ചു വിശ്വസിച്ചു. എന്റെ ഹൃദയത്തെ ദൈവമുമ്പാകെ പകർന്നു. സമാധാനത്തോടെ എന്റെ മുട്ടിന്മേൽ നിന്നും എഴുന്നേറ്റു. കാരണം എന്റെ ആവശ്യങ്ങൾ ദൈവത്തിലായിരുന്നു ഭരമേല്പിച്ചിരുന്നത്. അങ്ങനെ ഞാൻ സമാധാനം പ്രാപിച്ചു.

ഓരോരുത്തരുടെയും വിശ്വാസത്തെ ധൈര്യപ്പെടുത്തുന്നു.

ജോർജ്ജ് മുള്ളർ ഓരോ വിശ്വാസിയെയും ധൈര്യപ്പെടുത്തുവാനായി നിർദ്ദേശങ്ങൾ നൽകി. വിശ്വാസം ദൈവത്തിന്റെ ദാനമാണ്. അത് ദൈവത്തോട് ചോദിച്ച് വാങ്ങണം. എല്ലാ നല്ലദാനവും തികഞ്ഞവരമൊക്കെയും ഉയരത്തിൽ നിന്ന് വെളിച്ചങ്ങളുടെ പിതാവിൽ നിന്നും ഇറങ്ങി വരുന്നു. (യാക്കോ. 1:17).

വിശ്വാസം, ദൈവവചന വായനയാലും ധ്യാനത്താലും ശക്തി പ്രാപിക്കുന്നു. അതു നമ്മെ, ദൈവം വിശുദ്ധനാണെന്നും, നീതിയുള്ള ദൈവമാണെന്നും, ദയയും, സ്നേഹവും, കൃപയും, കരുണയും, ശക്തിയും, ബുദ്ധിയും, വിശ്വസ്തതയും ഉള്ള ദൈവമാണെന്നും നമ്മുടെ ആവശ്യങ്ങളിൽ സഹായിക്കുന്ന ദൈവമെന്നും പഠിപ്പിക്കുന്നു. അത് നമുക്ക് ശുദ്ധഹൃദയവും നല്ല മനസാക്ഷിയുമുള്ളവരായിരിപ്പാൻ സഹായിക്കുന്നു.

നാം പതറിപ്പോകാതെ വിശ്വാസത്തൽ ബലപ്പെടേണ്ടതാണ്. ദൈവത്തെ മാത്രം നോക്കി, ദൈവത്തിൽ മാത്രം ആശ്രയിച്ചു ദൈവത്തോടു മാത്രം പറ്റി നില്ക്കുന്നു. പ്രതിസന്ധികളിൽ നമ്മുടെ ബുദ്ധിയിൽ ആശ്രയിക്കാതെ ദൈവത്തിന്റെ പ്രവൃത്തിയ്ക്കായി കാത്തിരിക്കേണം. (തുടരും) ❖

(6-ാംപേജിന്റെ തുടർച്ച)

മാനസാന്തരഹൃദയത്തിനായുള്ള ഒരു വിളി

ദൈവം നമ്മെ മാനസാന്തരത്തിനായി വിളിക്കുന്നു. നമ്മുടെ പാപത്തെക്കുറിച്ച് അനുതപിച്ചു കരയുവാൻ അവിടുന്ന് നമ്മെ വിളിക്കുന്നു. നാം നമ്മെത്തന്നെ താഴ്ത്തി മാനാസന്തരപ്പെടുന്നില്ലെങ്കിൽ നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കുകയില്ല. " ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കാൻ സമയമായല്ലോ " (1പത്രൊ. 4:17)

ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നത് ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തി മുട്ടിന്മേൽ നില്ക്കുക, നമ്മെ പരിശോധിക്കുന്ന ദൈവത്തോട് പ്രാർത്ഥിക്കുക.

എന്നോട് ചേർന്നു പ്രാർത്ഥിക്കുമോ ദൈവമേ, ഇത് എന്റെ സഹോദരനല്ല, എന്റെ സഹോദരിയല്ല, എന്റെ പാസ്റ്ററല്ല, ഡീഖനല്ല, സഭയല്ല, നാട്ടിലെ ഏതെങ്കിലുമൊരു പ്രവർത്തനമല്ല, എന്നാൽ ഇത് ഞാനാണ് ദൈവമേ, അങ്ങനെയുടെ വിശുദ്ധിയുടെ പ്രകാശം എന്റെ ഹൃദയത്തിന്റെ ഉള്ളിൽ നൽകണമേ. എന്തുമാത്രം ഞാൻ പാപം ചെയ്തിരിക്കുന്നു എന്ന് എന്നെ കാണിക്കേണമേ.

പ്രശ്നങ്ങളുടെ ഒരു ഭാഗം ഞാനാണ്. പ്രശ്ന പരിഹാരത്തിന് ഞാൻ ശ്രമിച്ചിട്ടില്ല. എവിടെയാണ് ഞാൻ മാനസാന്തരപ്പെടേണ്ടത്. അത് എന്നെ കാണിക്കേണമേ.

പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ കുറ്റ ബോധം തരുമ്പോൾ, നമ്മെത്തന്നെതാഴ്ത്തി, നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തിന്റെ കരുണയ്ക്കും പാപക്ഷമയ്ക്കുമായി ദൈവത്തോട് അപേക്ഷിക്കുക. നാം നമ്മുടെ നടപ്പ് ആരാഞ്ഞു ശോധനചെയ്ത് യഹോവയുടെ അടുക്കലേക്ക് തിരിയുക. എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടും കൂടെ എങ്കലേയ്ക്ക് തിരിയുവിൻ " (വിലാ. 3:40, യോവേ. 2:12). കർത്താവിന്റെ മുമ്പിൽ നമ്മുടെ മുട്ടുമടക്കി നമ്മുടെ ഹൃദയങ്ങളെ വിധേയപ്പെടുത്താം. ❖

(7-ാംപേജിന്റെ തുടർച്ച)

പുതുക്കം പ്രാപിക്കാനുള്ള ഒരു സമയം

പ്രഭാതത്തിൽ കാണപ്പെടുന്ന മഞ്ഞു തുള്ളികൾ സൂര്യപ്രകാശത്തിൽ മുത്തുകളെപ്പോലെ പ്രകാശിക്കുന്നു. ദൈവത്തിന്റം ജനം അവിടുത്തെ ശക്തിയിൽ ശോഭിക്കുന്നു. നക്ഷത്രങ്ങൾ രാത്രിയിൽ പ്രകാശിക്കുന്നു. അബ്രഹാമിന്റെ സന്തതിയും അതുപോലെയാണ്. ആത്മശക്തിയുടെ പകർച്ചയ്ക്കായി പ്രാർത്ഥിപ്പിൻ. അനേകർ എഴുന്നേറ്റ് ദൈവത്തെ മഹത്വപ്പെടുത്തും.

വിശ്വാസികൾ അലരികൾ പോലെ വളരും.

ഈ കാലങ്ങളിൽ ദൈവ ജനത്തിന്റെ വളർച്ചയെക്കാൾ പ്രയാസമേറിയ മറ്റൊരു കാര്യമില്ല. അവർ മുന്നോട്ടു പോകുവാൻ കൂട്ടാക്കുന്നില്ല. അവർ ഒരു ഓട്ടക്കളത്തിലാണ് എന്ന് ചിന്തിക്കുന്നില്ല. കഴിഞ്ഞ വർഷങ്ങളെ താരതമ്യം ചെയ്യുമ്പോൾ, അയ്യോ കഷ്ടം! എവിടെയാണ് വ്യത്യാസം? തണുപ്പും ക്ഷീണവും ബാധിച്ചിരിക്കുന്നു. അതെ,. ഞാൻ ഭയപ്പെടുന്നു, ആത്മീയ കാര്യങ്ങളിൽ ആലസ്യം ഭവിച്ചിരിക്കുന്നു.

ആത്മാവു പകരപ്പെടുമ്പോൾ എത്ര വ്യത്യാസമാണ് ഉണ്ടാകുന്നത്. അവർ അലരികളെപ്പോലെ വളരും. അത് എങ്ങനെ വളരുന്നു എന്ന് നിങ്ങൾക്കറിയാം. രാവും പകലും അത് തുടർച്ചയായി വളരുന്നു. എപ്പോഴും വളർന്നു കൊണ്ടേയിരിക്കും. എപ്പോഴും പുതിയ കൊമ്പുകൾ പുറപ്പെടുവിച്ചുകൊണ്ടേയിരിക്കും. വെട്ടിയാൽ വീണ്ടും തളിർക്കുന്നു.

പ്രിയ വിശ്വാസിയേ നിങ്ങൾ അങ്ങനെ ആയിരിക്കുമോ? പെന്തെക്കോസ്തു നാളിലെന്നപോലെ ആത്മാവിന്റെ ഒരു പ്രവാഹം ഉണ്ടാകുമ്പോൾ അതിന് പൂർണ്ണമായി വിധേയപ്പെട്ട് പ്രാർത്ഥനയ്ക്കും സ്തുതിക്കും കൂടുതൽ ശ്രദ്ധകൊടുക്കുമോ? വലിയ വ്യത്യാസം നിങ്ങൾക്കുണ്ടാകും. ലോകത്തെയും ജഡത്തെയും പിശാചിനെയും നിങ്ങൾ ജയിക്കും. നിങ്ങൾ പുറത്തു വരും വ്യത്യാസം കാണും. സമർപ്പണത്തിന്റെയും താഴ്മയുടെയും വിനയത്തിന്റെയും മാധുര്യത്തിൽ നിങ്ങൾ വളരും.

സ്വയം സമർപ്പണം

ഒരുവൻ പറയും ഞാൻ കർത്താവിനുള്ളവൻ. ഒരുവൻ തന്റെ ജീവിതത്തെ മനസ്സോടെ ദൈവത്തിന് കൊടുക്കുന്നതിനെക്കാൾ വലിയ കാര്യമില്ല. അത് എപ്പോഴും ഒരു പുതുക്കത്തിന്റെ സമയമാണ്. പെന്തെക്കോസ്തുനാളിൽ അങ്ങനെയായിരുന്നു, ആദ്യം അവർ തങ്ങളെത്തന്നെ ദൈവത്തിനു കൊടുത്തു. ദൈവഭക്തന്മാർ അങ്ങനെ ചെയ്തു.

എഡ്വാർഡ്സ് പറഞ്ഞു, ഞാൻ ഇന്ന് എന്റെ ദൈവത്തോട് കൂടെ ആയിരുന്നു. എന്നെ, എനിക്കുള്ളതെല്ലാം ദൈവത്തിന് കൊടുത്തു. ഞാൻ എന്നിൽ തന്നെ പ്രശംസിക്കുന്നില്ല. എന്നിൽ തന്നെ പുകഴുവാൻ എനി ക്ക് ഒന്നുമില്ല. എന്റെ ശരീരം, എന്റെ അവയവങ്ങൾ, എന്റെ നാവ്, എന്റെ കൈ, എന്റെ കാലുകൾ, എന്റെ കണ്ണ്, എന്റെ ചെവി എല്ലാം ഞാൻ സമർപ്പിക്കുന്നു. വിശുദ്ധീക്കായി ഞാൻ സമർപ്പിക്കുന്നു.

നിങ്ങളെത്തന്നെ നൽകുന്നതിന്റെ സന്തോഷം നിങ്ങൾ അറിഞ്ഞിട്ടുണ്ടോ? നിങ്ങൾക്ക് നിങ്ങളെത്തന്നെ സംരക്ഷിക്കുവാൻ കഴിയില്ല. അതെ, ഇന്നു തന്നെ ശ്രമിക്കുക. നിങ്ങളെ ദൈവത്തിന് കൊടുക്കുക. അവിടുത്തെ കൈകളിൽ വീഴുക. അവർ പറയും, ഞാൻ പൂർണ്ണമായി ദൈവത്തിനുള്ളവൻ. പറയുക. ഞാൻ കർത്താവിനുള്ളവൻ ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975